(1)	(2)	(3)
5	കേരള സംസ്ഥാന സഹകരണ റബ്ബർ വിപണന ഫെഡറേഷൻ (റബ്ബർമാർക്ക്)	65.20
6	കേരള സംസ്ഥാന സഹകരണ റബ്ബർ സഹകരണ സംഘം (റബ്കോ), കണ്ണൂർ	129.40
7	അഗ്രീൻകോ, കണ്ണൂർ	22.12
8	മലബാർ അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് & പ്രോസസിംഗ് സൊസൈറ്റി, കണ്ണൂർ	1.26 (31-5-2014)
9	പരിയാരം മെഡിക്കൽ കോളേജ്, കണ്ണൂർ	1.25 (30-4-2014)

(സി) നിഷ്ക്രിയ ആസ്തി നിയന്ത്രണത്തിനായി ഒരു നയം (എൻ.പി.എ. മാനേജ്മെന്റ് പോളിസി) പ്രത്യേകമായി ആവിഷ്കരിച്ച് അർഹതപ്പെട്ട വായ്പകളിന്മേൽ ഇളവുകൾ അനുവദിച്ച് നിഷ്ക്രിയ ആസ്തിയായ വായ്പകളിൽ തീർപ്പ് കൽപ്പിക്കുവാൻ ഫലപ്രദമായ പ്രവർത്തനം നടത്തി വരുന്നു. കൂടാതെ സർക്കാരിന്റെ കടിശ്ശീക നിവാരണ പദ്ധതിയായ ആശ്വാസ് പദ്ധതിയുടെ ചുവട് പിടിച്ച് മുൻ വർഷങ്ങളിൽ പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ ആനുകൂല്യങ്ങൾ നൽകി നിഷ്ക്രിയ ആസ്തിയായ വായ്പകൾ തിരികെ ഈടാക്കിയിട്ടുണ്ട്. ഇതിനുപുറമെ സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരത്തോടുകൂടി "കോ-ബാങ്ക് ആശ്വാസ് 2014" എന്ന പേരിൽ ഒരു ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരുന്നു. കൂടാതെ സർഫൈസി നിയമമനുസരിച്ചും ആർബിട്രേഷൻ നടപടികളിലൂടെയും നിഷ്ക്രിയ ആസ്തിയായ വായ്പകൾ തിരിച്ച് പിടിക്കുന്നതിനുള്ള ശ്രമം ഊർജ്ജിതമായി നടന്നുവരുന്നു.

സഹകരണ മേഖലയിലെ കാർഷിക വായ്പ നൽകുന്ന ബാങ്കുകളെ സംബന്ധിച്ച വിവരം

77 (7913) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. റ്റി. ജോർജ്ജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ കാർഷിക വായ്പകൾ നൽകുന്നത് ഏതെല്ലാം ബാങ്കുകളാണെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാർഷിക വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചതുമൂലം തിരിച്ചടവ് കുറയുന്നത് ഇതര വായ്പകൾ നൽകുന്നതിന് തടസ്സമാകുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) മൊറട്ടോറിയം പ്രഖ്യാപിച്ചതുമൂലം പലിശയിനത്തിൽ സഹകരണ ബാങ്കുകൾക്കുണ്ടാകുന്ന നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഈ ഇക കാലതാമസം കൂടാതെ ബാങ്കുകൾക്ക് തിരികെ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സഹകരണ മേഖലയിൽ ഹ്രസ്വകാല കാർഷിക വായ്പകൾ വിതരണം ചെയ്യുന്നത് പ്രാഥമിക സർവീസ് സഹകരണ സംഘങ്ങളും/ബാങ്കുകളും ദീർഘകാല കാർഷിക വായ്പകൾ വിതരണം ചെയ്യുന്നത് പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളുമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സഹകരണ ബാങ്കുകൾ സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ള കാർഷിക വായ്പകളിന്മേലുള്ള റവന്യൂ റിക്കവറി നടപടികൾക്കാണ് 15-2-2015 വരെ മൊറട്ടോറിയം അനുവദിച്ച് ഉത്തരവായിട്ടുള്ളത്.

(സി&ഡി) കാർഷിക വായ്പകൾക്ക് മൊറട്ടോറിയം സർക്കാർ പ്രഖ്യാപിച്ചിട്ടില്ലാത്തതിനാൽ സഹകരണ ബാങ്കുകൾക്കുണ്ടാകുന്ന പലിശ നഷ്ടം കണക്കാക്കിയിട്ടില്ല.

സഹകരണ ബാങ്കുകൾ മുഖേനയുള്ള വായ്പാ വിതരണം

78 (7914) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടക്കെണിയിലായ കർഷകരെ സഹായിക്കാൻ സഹകരണ ബാങ്കുകൾ മുഖേന എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന വ്യക്തമാക്കുമോ ;

(ബി) ദേശസാൽകൃത ബാങ്കുകൾ മുഖേന കർഷകർക്ക് പലിശയിൽ സബ്സിഡി ഇളവു നൽകി കാർഷിക വായ്പ നൽകുന്നതുപോലെ, സഹകരണ ബാങ്കുകൾ വഴി ഇത്തരത്തിലുള്ള വായ്പകൾ കർഷകർക്ക് നൽകുന്നുണ്ടോ ;

(സി) എങ്കിൽ സഹകരണ വകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം ബാങ്കുകൾ വഴിയാണ് ഇത്തരത്തിലുള്ള വായ്പ വിതരണം ചെയ്യുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly